കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം.

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ വിവിധ സ്ഥാപനങ്ങളിൽ കുക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികളെ 16500-35700/- രൂപ ശമ്പള സ്കെയിലിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

ഉത്തരവ് നം: സി 6/43365/2015/കോ.വി.വ തിയതി : 17.03.2017

---

പരാമർശം :-

1. പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 07.05.2016-ലെ C1/R 18/16 to R 28/16 നമ്പർ കത്ത്.
2. 17.08.2016, 18.08.2016 തീയതികളിലെ പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിൽ വച്ച് നടന്ന അഭിമുഖം
3. 25.02.2017-ലെ പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ കത്ത് നം.സി1/1175/17

## ഉത്തരവ്

പരാമർശം (1) പ്രകാരം പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അയച്ചു തന്ന ലിസ്റ്റിൽ നിന്നും അഭിമുഖം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ വിവിധ സ്ഥാപനങ്ങളിൽ കുക്ക് എന്ന ഫുൾടൈം കണ്ടിജന്റ് തസ്തികയിലേയ്ക്ക് 16500-35700/-രൂപ ശമ്പള സ്കെയിലിൽ ചുവടെ ചേർത്തിരിക്കുന്ന ഉദ്യോഗാർത്ഥിയെ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, മേൽവിലാസം | ജനന തീയതി | നിയമനം ലഭിച്ച സ്ഥാപനം |
|---|---|---|---|
| 1. | **SMT.JASMIN.K.J,**<br>Vrindavan Lodge,<br>V.K.Padi,<br>Mampuram.P.O,<br>Malappuram District<br>Pin – 676 306<br>(SIUC Nadar Npy) | 31.12.1989 | പട്ടാമ്പി ശ്രീ നീലകണ്ഠാ സർക്കാർ സംസ്കൃത കോളേജ് ഹോസ്റ്റൽ (നിലവിലുള്ള ഒഴിവിൽ) |

1. മേൽ നിയമനം 1958 ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ 3 (സി) യും 10 (ബി)യും പ്രകാരം ഉദ്യോഗാർത്ഥിയുടെ സ്വഭാവ പൂർവ്വ ചരിത്ര പരിശോധനയ്ക്ക് വിധേയമായിരിക്കും. വസ്തവികതാ പരിശോധന റിപ്പോർട്ട് പ്രതികൂലമാകുന്ന പക്ഷം നിയമനം റദ്ദാക്കുന്നതായിരിക്കും.
2. ഈ ഉത്തരവ്കൈപ്പറ്റി പതിനാല് (14) ദിവസത്തിനകം ജനനതീയതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകിയ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (വിരലടയാളം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ സഹിതം സമർപ്പിക്കേണ്ടതാണ്). കൂടാതെ ഒരു ഗസറ്റഡ്

444151
GOVERNMENT OF KERALA

ഓഫീസറിൽ നിന്നും വാങ്ങിയ ഒരു സ്വഭാവ സർട്ടിഫിക്കറ്റ്, സംവരണ വിഭാഗത്തിൽ ഉൾപ്പെടുന്നവർ നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ്, എസ്.സി /എസ്/റ്റി വിഭാഗത്തിൽ പ്പെടുന്നവർ ജാതി തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം സ്ഥാപന മേധാവിയ്ക്ക് മുൻപാകെ ഹാജരാകേണ്ടതാണ്. സർവ്വീസിൽ പ്രവേശിക്കുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും പോലീസ് വെരിഫിക്കേഷനുള്ള നിശ്ചിത പ്രൊഫോർമ പൂരിപ്പിച്ച് വാങ്ങേണ്ടതും ഫോട്ടോഗ്രാഫ് സാക്ഷ്യപ്പെടുത്തി കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്.

3. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നാമ നിർദ്ദേശം ചെയ്യപ്പെട്ട് നിയമനം ലഭിച്ച ഉദ്യോഗാർത്ഥി, രജിസ്റ്റർ ചെയ്യുമ്പോൾ തെറ്റായ വിവരം നൽകിയതായോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും തെറ്റായി നാമനിർദ്ദേശം ചെയ്യപ്പെട്ടതായോ പിന്നീട് തെളിയുന്ന പക്ഷം 30.08.1991-ലെ ജി.ഒ (എം.എസ്) 70/91/ തൊഴിൽ അനുസരിച്ച് ബന്ധപ്പെട്ട വ്യക്തിക്ക് വിശദീകരണം നൽകാൻ ന്യായമായ ഒരു അവസരം നൽകിയതിനുശേഷം അപ്രകാരം നിയമനം ലഭിച്ച ഉദ്യോഗാർത്ഥിയെ ഉടൻ തന്നെ പിരിച്ചു വിടുന്നതാണ്.

4. നിശ്ചിത സമയ പരിധിക്കുള്ളിൽ ജോലിക്ക് ഹാജരാകാതെ വന്നാൽ ഇനിയൊരു അറിയിപ്പില്ലാതെ തന്നെ താങ്കളുടെ നിയമനം റദ്ദ് ചെയ്യുന്നതായിരിക്കും.

5. നിലവിലെ ജനന തീയതിയിൽ അപാകത ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിലേക്കായി നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം, നിയമനം ലഭിച്ച് അഞ്ച് വർഷത്തിനകം ഉചിതമാർഗ്ഗേണ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

6. ഈ ഉത്തരവ് പ്രകാരം പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് 07.01.2013-ലെ സർക്കാർ ഉത്തരവ് നം.ജി.ഒ(പി)20/2013/ഫിൻ പ്രകാരം നാഷണൽ പെൻഷൻ സ്കീം ബാധകമായിരിക്കും.

7. ഈ ഉത്തരവ് പ്രകാരം നിയമനം നൽകിയ ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

ഒപ്പ്/-
കൃഷ്ണകുമാർ.ടി.വി,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

ബന്ധപ്പെട്ട വ്യക്തിക്ക്
(രജി.തപാൽ കൈപ്പറ്റ് രസീതു സഹിതം)
പകർപ്പ്

1. വാർഡൻ, ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജ് ഹോസ്റ്റൽ, പട്ടാമ്പി
2. സിസ്റ്റം മാനേജർ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
3. കരുതൽ ഫയൽ / ഓഫീസ് ഫയൽ.

/അംഗീകാരത്തോടെ/

സൂപ്രണ്ട്

പി.ഷി.18.03.2017


GOVERNMENT OF KERALA